# കുടുംബശ്രീ തീരദേശ മേഖലയിലെ ഇടപെടൽ - പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കൽ ശിൽപശാല - യോഗ നടപടിക്കുറിപ്പുകൾ

*20/06/2017-ന് രാവിലെ 10 മണി*
*കോൺഫറൻസ് ഹാൾ,*
*സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, തിരുവനന്തപുരം.*

**സാന്നിദ്ധ്യം**

ശ്രീമതി. ജെ. മേഴ്സിക്കുട്ടിയമ്മ, ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി
ശ്രീ. ഹരികിഷോർ, ഐഎഎസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

രാവിലെ 10.00-ന് ശില്പശാല ആരംഭിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ശ്രീ. പ്രമോദ് കെ.വി., ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്കും എക്സിക്യൂട്ടീവ് ഡയറക്ടർക്കും മറ്റ് ശിൽപശാലാ പ്രതിനിധികൾക്കും സ്വാഗതം ആശംസിച്ചു. ഇതിനു ശേഷം പ്രവർത്തന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ വിഷയാവതരണം നടത്തി.

**വിഷയാവതരണം - ശ്രീ. പ്രമോദ് കെ.വി. പ്രോഗ്രാം ഓഫീസർ (സംഘടന)**

കേരളീയ പൊതുമണ്ഡലത്തിൽ കുടുംബശ്രീയുടെ സാന്നിദ്ധ്യം അവഗണിക്കാനാകാത്ത വിധം ശക്തവും, സ്വാധീന ശക്തി വളരെയേറെയാണെങ്കിലും, തീരദേശ മേഖലയിലും, ആദിവാസി മേഖലയിലും അത്ര കണ്ട് കാര്യക്ഷമമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. തീർച്ചയായും സമൂഹത്തിന്റെ സവിശേഷ ശ്രദ്ധയും, പരിഗണനയും അർഹിക്കുന്ന വിഭാഗങ്ങൾ തന്നെയാണ് ഇവ രണ്ടും. സംസ്ഥാനത്ത് 9 തീരദേശ ജില്ലകളിലായി ആകെ 115 തീരദേശ സിഡിഎസ്സുകൾ കുടുംബശ്രീക്കുണ്ട്. മൈക്രോ ഫൈനാൻസിൽ ഊന്നിയുള്ള ഇടപെടൽ തന്ത്രമാണ് പ്രധാനമായും നടപ്പിലാക്കിയിരുന്നത്. ഒട്ടേറെ ധനചൂഷണങ്ങൾ നേരിടുന്ന ഇത്തരം വിഭാഗങ്ങൾക്കിടയിൽ കുടുംബശ്രീയുടെ ഇടപെടൽ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇവിടെ ബഹുമാന്യ അംഗങ്ങളുടെ ചർച്ചക്കായി സമർപ്പിക്കുന്ന കരട് പ്രവർത്തന രേഖയിൽ സാമൂഹിക വികസനത്തിൽ ഊന്നിയ ഇടപെടൽ തന്ത്രവും ഞങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ; സർക്കാരിതര ഏജൻസികൾ, അവയെ പ്രതിനിധീകരിച്ച് ശിൽപശാലയിൽ പങ്കെടുത്തിരുന്ന ഓരോരുത്തരും അവരവരുടെ പ്രവർത്തനാനുഭവങ്ങൾ, പങ്ക് വച്ച് കുടുംബശ്രീ ലക്ഷ്യം വയ്ക്കുന്ന ഇടപെടലുകൾക്ക്, പ്രധാന പ്രവർത്തനങ്ങൾക്കും ഊർജ്ജം പകരണമന്ന് അഭ്യർത്ഥിക്കുന്നു.

**ശ്രീ. ഹരികിഷോർ ഐ.എ.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

ആമുഖ അവതാരകൻ സൂചിപ്പിച്ചതുപോലെ ബഹുമുഖമായ പല പ്രവർത്തനങ്ങൾ കുടുംബശ്രീക്ക് ഉണ്ടെങ്കിലും, തീരദേശ മേഖല, എസ്.റ്റി മേഖല എന്നിവിടങ്ങളിൽ സംഘടനാ പ്രവർത്തനങ്ങൾ ദുർബലമാണ്. ഈ പരിമിതി മറികടക്കാൻ എല്ലാ ഏജൻസികളുടെയും യോജിച്ചുള്ള പ്രവർത്തനം ആവശ്യമാണ്.

ഒരു ലക്ഷം രൂപ വീതം തീരദേശ സിഡിഎസ്സുകൾക്ക് നൽകുന്ന പദ്ധതി, സൗജന്യമായി നൈപുണ്യ നൽകുന്ന സാഗർമാല പദ്ധതി തുടങ്ങി അനേകം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇന്നിവിടെ ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക്, കുടുംബശ്രീ പ്രസ്ഥാനത്തിന് അകമഴിഞ്ഞ പിന്തുണയും, മാർഗനിർദ്ദേശവും നൽകുന്ന ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയെ അഭിസംബോധന ചെയ്യുന്നതിലേയ്ക്കായി ആദരപൂർവ്വം ക്ഷണിക്കുന്നു.

**ശ്രീമതി. ജെ. മേഴ്സിക്കുട്ടിയമ്മ, ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി**

കുടുംബശ്രീയുടെ അയൽക്കൂട്ട സംവിധാനവും, തീരദേശ മേഖലയിൽ നിലനിൽക്കുന്ന മത്സ്യത്തൊഴിലാളി അയൽക്കൂട്ടവും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. ആക്ടിവായ അംഗങ്ങളെ മാത്രമേ തിരദേശ അയൽക്കൂട്ടത്തിൽ അംഗമാക്കുകയുള്ളു. ഇത്തരം സാഫ് യൂണിറ്റുകളുടെ പ്രവർത്തനം അപ്പക്സ് ബോർഡ്, മാനേജ്മെന്റ് സംവിധാനം കൃത്യമായി നിരീക്ഷിക്കുന്നു. തങ്ങളുടെ ഉൽപന്നങ്ങളുമായി സാഫ് യൂണിറ്റുകളിൽ കടന്നുവരുന്ന ഓരോ അംഗത്തിനും കൃത്യമായി ഉയർന്ന വരുമാനം ഉറപ്പുവരുത്തുന്നു. പൊതു കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് കൃത്യമായ വരുമാനം ഉറപ്പാക്കുന്ന ഉപജീവന പദ്ധതികളുടെ കുറവുണ്ട്. സാഫ് യൂണിറ്റംഗങ്ങളുടെ ഉപജീവന പദ്ധതി പോലും ഉദ്ദേശിച്ചയത്ര വിജയപ്രദമാക്കാനും, വിപുലീകരിക്കാനും സാധിച്ചിട്ടില്ല. മത്സ്യഫെഡും, തീരദേശ വകുപ്പും, ഉടപെടുന്നുണ്ടെങ്കിലും ഇഫക്ടീവ് നെറ്റ് വർക്കിംഗ് മാനേജ്മെന്റിന്റെ അഭാവമാണ് നമ്മൾ നേരിടുന്ന പ്രശ്നം. റെഡി കുക്ക്, മുതലായ നൂതന വിപണന സങ്കേതകങ്ങൾ പ്രാവർത്തികമാക്കണം. ഇന്നുള്ള അശാസ്ത്രീയമായ ഡ്രയർ സിസ്റ്റം മാറ്റി സോളാർ ഡ്രൈ സിസ്റ്റം കൊണ്ടു വരുന്നതിന് കഴിയണം. പുറം ലോകം കരുതുന്നതും, വിലയിരുത്തുന്നതിനും നിന്നും വ്യത്യസ്തമായി സാമ്പത്തിക രംഗത്തു മാത്രമല്ല, കലാരംഗത്തും തങ്ങളുടെ ശേഷി പ്രകടിപ്പിക്കുവാൻ കവിവുള്ളവരാണ് തീരദേശ വനിതകൾ. നിലവാരം മെച്ചപ്പെടുത്താനാഗ്രഹിക്കുന്ന, സ്വാഭിമാനം മുറുകെ പിടിക്കുന്ന ഈ വിഭാഗങ്ങളെ, നിലവിളിക്കേണ്ടവരായല്ല, മറിച്ച് ഉത്തരവാദിത്തത്തോടെ പെരുമാറേണ്ട സമൂഹമാണ് എന്ന തിരിച്ചറിവ് അവരിലേയ്ക്ക് എത്തിക്കേണ്ട സാമൂഹ്യ ബാധ്യത നമ്മൾ ഏറ്റെടുക്കണം. ഇതിതനുസരിച്ച് കുടുംബശ്രീ മിഷന്റെ കാഴ്ചപ്പാട് മാറണമെന്നാണ് എന്റെ അഭിപ്രായം. നിലവിലുള്ള ഉപഭോഗ ആവശ്യകതക്കനുസരിച്ച്, ഓരോ തീരദേശ സിഡിഎസ്സിലും അതിന്റേതായ പ്രാദേശിക സാധ്യതകൾ, സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി ഉത്പാദക യൂണിറ്റുകൾ ശക്തിപ്പെടുത്തണം. ഇവിടെ പരാമർശിച്ച കണക്കുകൾ അനുസരിച്ച് 277000 എൻ.എച്ച്.ജി. യൂണിറ്റുകൾ നിലവിലുള്ളപ്പോൾ അതിന്റെ 10% മാത്രമാണ് പ്രൊഡക്ഷൻ യൂണിറ്റുകളായുള്ളത്. സാധ്യതകൾ വിപുലപ്പെടുത്തേണ്ടതായുണ്ട്. ജില്ലാതല അപ്പക്സ് ബോഡികൾ ഒരോ ജില്ലയിലും സ്ഥാപിച്ച് സാഫ് മോഡൽ പ്രവർത്തികമാക്കണം. ഉയർന്ന വരുമാനം ഉറപ്പാക്കിയാലേ ഈ വിഭാഗങ്ങളെ ആകർഷിക്കുവാനും, അവരെ സംഘടനയിലേയ്ക്ക് എത്തിക്കുവാനും കഴിയുകയുള്ളു. ഇതിനായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ

ഏജൻസികളും യോജിച്ച് പ്രവർത്തിക്കണം. ഈ ശിൽപശാലയ്ക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

**ശ്രീ. ഹരികിഷോർ ഐ.എ.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

വളരെയേറെ വിപുലമായ സംഘടനാ സംവിധാനമുള്ള കുടുംബശ്രീക്ക് സാധിക്കാത്ത ഉത്പാദക യണിറ്റുകളുടെ സുസ്ഥിരമാക്കൽ പ്രവർത്തനം – സാഫിനും, മത്സ്യ ഫെഡിനും, അവരുടെ ചുരുങ്ങിയ മനുഷ്യ വിഭവശേഷികൊണ്ട് കഴിയുന്നത്, നമ്മുടെ സംവിധാനം കണ്ട് പഠിക്കേണ്ടതുണ്ട്. മത്സ്യ ഫെഡിനേയും, ഫിഷറീസ് വകുപ്പിനേയും പ്രതിനിധീകരിച്ച് എത്തിയിട്ടുള്ളവർ, അവരുടെ പ്രവർത്തനങ്ങൾ വിശദമായി പ്രതിപാദിക്കുമെന്ന് കരുതുന്നു.

**ശ്രീമതി. നാൻസി പി. (മത്സ്യഫെഡ്)**

മത്സ്യഫെഡിന്റെ മേൽനോട്ടത്തിൽ മത്സ്യഗ്രാമങ്ങളിലായി 14818 ലേറെ യൂണിറ്റുകൾ നിലവിലുണ്ട്. ഇവയ്ക്ക് ആകെ 120 കോടി രൂപ ത്രിഫ്റ്റും ഉണ്ട്. 2006 മുതൽ ഇത്തരം എസ്എച്ച്ജികൾ നിലവിലുണ്ട്. ഇവയക്ക് പ്രതിവർഷം 70 കോടി രൂപ 6% പലിശ നിരക്കിൽ നൽകുന്നു. ഇതിന് പുറമെ പ്രൊഡക്ഷൻ യൂണിറ്റുകളും നിലവിലുണ്ട്. സാഫിനെപോലെ കൃത്യമായ മോണിട്ടറിംഗ് സംവിധാനം ഇല്ല. ഞങ്ങൾക്ക് നാഷണൽ ഏജൻസിയിലൂടെ പണം സ്വരൂപിക്കാൻ കഴിയും. സബ്സിഡി വേണ്ടതില്ല. മറ്റ് സഹായങ്ങൾ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഉദാ: സബ്സിഡികൾക്ക് പകരം ഇൻസെന്റീവായി കൺവെർട്ട് ചെയ്തു തരിക. പ്രൊഡക്ഷൻ യൂണിറ്റുകൾക്ക് ഇൻസെന്റീവിനു പുറമെ ടെക്നോളജി ഫണ്ട് മുതലായ, സാധ്യമായ സഹായങ്ങൾ നൽകുക. മത്സ്യഫെഡ് സംഘങ്ങൾക്ക് കുടുംബശ്രീ സഹായങ്ങൾ ലഭ്യമാക്കുന്നതിന് കുടുംബശ്രീക്ക് സാങ്കേതിക തടസമുണ്ടോ എന്നതും അറിയേണ്ടതുണ്ട്.

**ശ്രീമതി. സാവിത്രി – സാഫ്**

1,333 വനിതാ വർക്കിംഗ് ഗ്രൂപ്പുകൾ, ടെയിലറിംഗ് ഗാർമെന്റ് – 480, ഫിഷ് പ്രൊഡക്ട്– 280, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ–260, സൂപ്പർമാർക്കറ്റ്–16 (27 കോടി രൂപ വിറ്റു വരവ്), കയർ യൂണിറ്റുകൾ–35 ഇവ കൂടാതെ ട്രേഡ് & അദർ ഹയർ സെക്ടർ സർവ്വീസ് മേഖലയിൽ 50 യൂണിറ്റുകൾ കൂടി തുടങ്ങുവാൻ ലക്ഷ്യമിടുന്നു. യൂണിറ്റുകളുടെ എണ്ണത്തിലല്ല മറിച്ച് സമ്പാദ്യ വരുമാന വർദ്ധനവിനാണ് ഊന്നൽ നൽകുന്നത്. ഇവയെ അപ്പക്സ് ഫെഡറേഷൻ വഴി നിയന്ത്രിക്കുന്നു. പൊട്ടൻഷ്യൽ സംരംഭകരെ മാത്രമേ പ്രോത്സാഹിപ്പിക്കുകയും, നിലനിർത്തുകയും ചെയ്യുന്നുള്ളു. ഇൻകം ജനറേഷൻ ആക്ടിവിറ്റി നിർബന്ധമാണ്. കർശനമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പിലൂടെയും, തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ചിട്ടയായ റസിഡൻഷ്യൽ പരിശീലനങ്ങൾ നൽകി സംരംഭക രംഗത്ത് ഉറപ്പിച്ചു നിർത്തുന്നു. കൃത്യമായ മേൽനോട്ട സംവിധാനത്തിലൂടെ വരുമാനം ഉറപ്പാക്കി തിരിച്ചടവും ഉറപ്പ് വരുത്തുന്നു.

**ശ്രീ. പ്രമോദ്.കെ.വി. പ്രോഗ്രാം ഓഫീസർ (സംഘടന), കുടുംബശ്രീ**

നമ്മുടെ ചർച്ച കേവലമായ സാമ്പത്തിക പ്രവർത്തനത്തിൽ മാത്രം കേന്ദ്രീകരിക്കുന്നു. സാമ്പത്തിക പ്രവർത്തനങ്ങളോടൊപ്പം, അയൽക്കൂട്ടങ്ങളിലൂടെ

പൊതുവായ ശാക്തീകരണമാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. വരുമാനദായക പ്രവർത്തനങ്ങളിൽ എല്ലാ ഏജൻസികളും അവരവരുടേതായ രീതിയിൽ ഇടപെടുകയും, കുടുംബശ്രീ പ്രസ്ഥാനം പൊതു, സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വേണം. കുടുംബശ്രീ അയൽക്കൂട്ട സംവിധാനം ശക്തമായി വരണം. അത്തരത്തിലൊരു പരിവർത്തനം ആണ് കുടുംബശ്രീ ആഗ്രഹിക്കുന്നത്.

**ശ്രീ. എൻ. കൃഷ്ണൻകുട്ടി നായർ, റിസോഴ്സ് പേഴ്സൺ, കുടുംബശ്രീ**

കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം വിവിധ എൻഎച്ച്ജികളിലെ ആളുകൾ ചേർന്ന് ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതുകൊണ്ട്, മത്സ്യഫെഡിന്റെയോ, സാഫിന്റേയോ, ഇതര തീരദേശ സംഘടനാ സംവിധാനത്തിലുള്ളവരോ എന്ന വ്യത്യാസം ഇല്ല. ഏകോപന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടില്ല.

**ശ്രീ ജോസഫ്.എ.വി., എം ജി യൂണിവേഴ്സിറ്റി**

എന്റെ ചില പൊതുവായ നിരീക്ഷണങ്ങളും അഭിപ്രായങ്ങളുമാണ് ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. (1) പഠനം, പ്രവർത്തനം പ്രതിപ്രവർത്തനം എന്ന രീതിയിശാസ്ത്രമാണ് വേണ്ടത്. (2) അറിവിന്റെ കുത്തകവൽക്കരണം തകർക്കണം. ഇത്തരത്തിലുള്ള പ്രവർത്തനം അയൽക്കൂട്ടങ്ങളിൽ നടക്കണം. അയൽക്കൂട്ടം അയൽപക്കമായി മാറ്റുക. (3) പൊതു ധാരാവികസനത്തിൽ വ്യത്യസ്ത കാഴ്ചപ്പാടോടുകൂടി അയൽക്കൂട്ടങ്ങൾ ഇടപെടുക. ആസൂത്രിതമായ ദാരിദ്ര്യ വികസനമാണ് ഇപ്പോഴത്തെ വികസനം. തൊഴിൽ ചെയ്യുന്ന സ്ത്രീ, തൊഴിൽ ചെയ്യാത്ത സ്ത്രീ എന്ന വേർതിരിവ് വേണ്ട. (4) ടെക്നോളജിയുടെ ഉത്പാദനം സാധ്യമാക്കുക. ഉദാ:- തീരപ്രദേശങ്ങളിൽ സുലഭമായ ഈർക്കിൽ ഉപയോഗിച്ചുകൊണ്ടുള്ള ചൂൽനിർമ്മാണവും, വിപണനവും- വിപണിയിൽ ഒരു ചൂലിന് 50/- രൂപ കുറഞ്ഞ വിലനിലനിൽക്കുന്നു. പ്രാദേശിക സാങ്കേതികത ഉപയോഗപ്പെടുത്തുക, സ്ത്രീ പക്ഷ സാങ്കേതികത നടപ്പിലാക്കുക, സ്ത്രീ വിരുദ്ധത നിരാകരിക്കുക. (5) അയിത്തത്തിന്റെ ചില പ്രകടരൂപങ്ങൾ ഇന്നും ഈ മേഖലയിൽ നിലനിൽക്കുന്നു. നവോത്ഥാന മൂല്യങ്ങൾ മുന്നോട്ട് കൊണ്ട് വരണം. (6) 'തീരദേശം മാസിക' (ജോൺ കുര്യൻ) ഡോക്യുമെന്റ് ചെയ്തു വയ്ക്കുക. ഈ മേഖലയിലെ ആഴത്തിലുള്ള പഠനങ്ങൾക്ക് ഉപകരിക്കും. (7) മതാഭിമുഖ്യമുള്ളവരായതുകൊണ്ട് ഇവർ സ്വാധീനിക്കാൻ കഴിയുന്നവരുടെ ഇടപെടലിലൂടെ കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തണം. (അമൃതാനന്ദമയീ മഠം, കത്തോലിക്കാ പള്ളി എന്നിവയിലൂടെ) (8) ഡെയിലി കളക്ഷൻ എൻഎച്ച്ജി വഴി പ്രോത്സാഹിപ്പിക്കുക (9) പൊതു സ്വത്തിന്റെ മാനേജ്മെന്റ് സജീവ ഇടപെടൽ കുടുംബശ്രീ വഴി സാധ്യമാക്കുക.

**ശ്രീമതി. ബേബി ഷീജ.**

കുട്ടികളുടെ വിദ്യഭ്യാസപുരോഗതിക്ക് ബോസിക് ലവലിൽ നിന്ന് തുടങ്ങണം. കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയണം. തുടർ സാക്ഷരതാ പ്രവർത്തനങ്ങളും നടപ്പിലാക്കണം.

**ഡോ. ജലജകുമാർ**

തീരദേശ വികസന കോർപ്പറേഷൻ നിലവിൽ മേളകൾക്കും മറ്റു ആവശ്യത്തിനനുസരിച്ച് Dryfish അടക്കമുള്ള ഉത്പന്നങ്ങൾ നൽകാൻ ഉത്പാദകയൂണിറ്റുകളെ സജ്ജരാക്കുന്നു. മികച്ച രീതിയിലുള്ള ഉൽപാദന പ്രക്രിയകൾക്ക് സ്ഥിര സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നു.

**ശ്രീ സജീഷ്.വി.കെ. ICAR-CIF**

ഞങ്ങൾ ഈ രംഗത്ത് വേണ്ട സാങ്കേതിക സഹായ നൽകുന്ന ഏജൻസിയാണ്. കടമക്കുടി, ചെല്ലാനം എന്നിവടങ്ങളിൽ സഹായം നൽകിയിട്ടുണ്ട്. സോളാർ ഡ്രയേഴ്സ്, സീ ഫുഡ് ടെക്നോളജി, സാഗർമാല, പാക്കറ്റിംഗ് ടെക്നോളജി (എല്ലാത്തരം പ്രോജക്ടുകൾക്കും) നൽകിയിരുന്നു. ഈ മേഖലയിൽ ഞങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

**ശ്രീ. ജോയി തോമസ് NETFISH**

ഞങ്ങളുടെ സാങ്കേതിക രംഗത്തു പ്രവർത്തിക്കുന്ന ഏജൻസിയാണ്. ഗുജറാത്തിലും മറ്റും എൻജിഒ യൂണിറ്റുകൾ പ്രോസസ്സിംഗ്, പ്രൊഡക്ഷൻ യൂണിറ്റുകൾ നടത്തുന്നു. സീസൺ അനുസരിച്ച് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ യൂണിറ്റുകൾക്ക് ലഭകരമായി നിൽക്കാം.

- ഫിഷ് കിയോസ്ക് – 5 പേരടങ്ങുന്ന ഗ്രൂപ്പിന് വിജയകരമായി നടത്താവുന്ന സംരംഭം
- ഫിഷ് പീലിംഗ് – ഇപ്പോഴും ഡിമാന്റ് നിലനിൽക്കുന്ന ഈ മേഖലക്ക് കൂടുതൽ ഊന്നൽ നൽകണം.
- മത്സ്യകൃഷി: – തീരദേശ മേഖല പോലെ തന്നെ പ്രധാനപ്പെട്ടതാണ് കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളുടെ സാധ്യതയും. ഇവയേയും ഉപയോഗപ്പെടുത്താവുന്നതാണ്. ഉദാഹരണമായി ബംഗാളിൽ കാണപ്പെടുന്ന സവിശേഷമായ മത്സ്യ ഇനമാണ് 'കിൽസ മത്സ്യം'. നമ്മുടെ നാട്ടിലെ വേമ്പനാട് കായൽ ഇത്തരം മത്സ്യങ്ങൾക്ക് അനുകൂലമായ സ്ഥലമാണ്. കുടുംബശ്രീ സംവിധാനം വഴി ഈ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

**ശ്രീ അജിത് ചാക്കോ: കുടുംബശ്രീ സ്റ്റേറ്റ് മിഷൻ**

സംഘടനാ സംവിധാനം ശക്തിപ്പെടുത്താൻ കഴിയണം. ഈ മേഖലകൾ ഇൻഫോർമൽ പഞ്ചായത്തുകൾ നിലനിർത്തിരുന്ന പ്രദേശങ്ങളാണ്. എസ്എച്ച്ജികൾ വഴിയുള്ള വായ്പാ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുകയും, മറ്റ് സംവിധാനങ്ങളെ ആശ്രയിക്കുന്ന രീതികളിൽ നിന്ന് പിൻമാറ്റുകയും വേണം.

**ശ്രീമതി ഷമീന**

ഓർണമെന്റൽ ഫിഷ് യൂണിറ്റ് – നിരോധനം ഈ മേഖലയുടെ പ്രവർത്തനത്തെ ആശങ്കപ്പെടുത്തുന്നു.

**ശ്രീ. ശ്രീകണ്ഠൻ, ഗ്രാമീണ പഠന കേന്ദ്രം, കരകുളം**

എൻ.എച്ച്.ജി.കളെക്കാളുപരി എ.ഡി.എസ്. വഴിയുള്ള വായ്പാ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, എഡിഎസ്സുകളെ സ്പെഷ്യൽ പാക്കേജിലൂടെ

ശക്തിപ്പെടുത്തുകയും വേണം. ടൂറിസം സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ നേരിട്ടുള്ള ശാക്തീകരണ പരിപാടികൾ വേണം.

**ശ്രീ. അനിൽ, EKSAT ആലപ്പുഴ**

ഞങ്ങൾ കുടുംബശ്രീയുടെ ട്രെയിനിംഗ് ഗ്രൂപ്പാണ്. ഈ മേഖലയിലും ഒട്ടനവധി ട്രെയനിംഗുകൾ ഈ ഏജൻസികൾക്കുവേണ്ടി ഞങ്ങൾ നൽകിയിട്ടുണ്ട്. ഈ പ്രവർത്തന പരിചയം മുൻനിർത്തി കേരളത്തിലെ 115 തീരദേശ സിഡിഎസ്സുകളിലും, സിറ്റിഎസിയുടെ കീഴിലുള്ള 14 ട്രെയനിംഗ് ഗ്രൂപ്പുകളും ചേർന്ന് വോളണ്ടറിവർക്ക് വിഭാവന ചെയ്യുന്നു. ഇപ്പോൾ തന്നെ കുടുംബശ്രീ ഹോംഷോപ്പ് സംവിധാനത്തിന് പിന്തുണ നൽകി. യൂണിറ്റുകൾക്കും, ഉത്പാദകർക്കും വികസന വരുമാനം കണ്ടെത്തുവാനും കഴിയുന്നു. ആലപ്പുഴ ജില്ലയിൽ സോളാർ ഡ്രയർ സംവിധാനം ഒഴിഞ്ഞ് കിടക്കുന്നത് ഉപയോഗപ്പെടുത്തണം.

**ക്രോഡീകരണം – ശ്രീ. പ്രമോദ്. കെ.വി., പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ**

ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പ് തലത്തിൽ നല്ല സഹകരണമാണ് കുടുംബശ്രീക്ക് ലഭിക്കുന്നത്. ഉപജീവനമാർഗ്ഗങ്ങളും, സംഘടനാ സംവിധാനവും സമഗ്രമായി ചർച്ച ചെയ്യപ്പെട്ടു. കരട് മാർഗ്ഗരേഖയിൽ ലക്ഷ്യം വയ്ക്കുന്ന പ്രധാന പ്രവർത്തനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതിന്, പുറമേ ഉയർന്നു വന്ന നിർദ്ദേശങ്ങളും പരിഗണിക്കുന്നതാണ്. പ്രധാനമായും;

- അയൽക്കൂട്ടങ്ങളുടെ അറിവ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ.
- സാങ്കേതിക സഹായങ്ങളും ഏജൻസികളും ഇത്രയധികം ഈ മേഖലയിലുണ്ട് എന്നത് ഞങ്ങളെ സംബന്ധിച്ച് ഒരു തിരിച്ചറിവായിരുന്നു. ഈ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്.
- വിജ്ഞാന തീരം പ്രോഗ്രാം നടപ്പിലാക്കാൻ കഴിയണം.
- കുടുംബശ്രീ എഡിഎസ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികളും പ്രവർത്തനങ്ങളും
- തീരദേശ മാഗസിൻ ഡോക്യുമെന്റേഷൻ

മുകളിൽ സൂചിപ്പിച്ചവയും ലക്ഷ്യം വയ്ക്കുന്ന പ്രവർത്തനങ്ങളിൽ മുൻഗണന അർഹിക്കുന്നവയാണ്. എല്ലാ പേർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശിൽപശാല 01:15–ന് സമാപിച്ചു.

പ്രോഗ്രാം ഓഫീസർ (സംഘടന)
കുടുംബശ്രീ